**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 770** **06-12-2022 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക് ചാർജിംഗ് കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് നിലവിൽ ഇലക്ട്രിക് ചാർജിംഗ് കേന്ദ്രങ്ങൾ സ്ഥാപിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഇടുക്കി ജില്ലയിൽ 3 സ്ഥലങ്ങളിൽ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളും 37 സ്ഥലങ്ങളിൽ പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും KSEBL സ്ഥാപിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.<br>സർക്കാർ ഉടമസ്ഥതതിയിലുള്ള സ്ഥലങ്ങളിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള അനെർട്ടിന്റെ പദ്ധതി പ്രകാരം ഇടുക്കി ജില്ലയിൽ ചെറുതോണി ഡി.ടി.പി.സി പാർക്കിൽ ചാർജിംഗ് സ്റ്റേഷൻ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | പീരുമേട് മണ്ഡലത്തിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് നിലവിൽ ഇലക്ട്രിക് ചാർജിംഗ് കേന്ദ്രങ്ങൾ സ്ഥാപിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | പീരുമേട് മണ്ഡലത്തിൽ താഴെ പറയുന്ന 5 സ്ഥലങ്ങളിലായാണ് വൈദ്യുത വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്.<br>1. കുമളി<br>2. വണ്ടിപ്പെരിയാർ<br>3. കുറ്റിക്കാനം (ടൗൺ ബേക്കറിക്ക് സമീപം)<br>4. വാഗമൺ (സൊസൈറ്റി കവല ജംഗ്ഷൻ)<br>5. മരിക്കുളം (അയ്യപ്പൻ കോവിൽ പഞ്ചായത്ത് ഓഫീസിനു സമീപം) |
| (സി) | ഇലക്ട്രിക് ചാർജിംഗ് യൂണിറ്റുകൾ സ്ഥാപിക്കുവാനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ? | (സി) | സ്വകാര്യ മേഖലയിൽ വൈദ്യുതി ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ലൈസൻസിന്റെ ആവശ്യം ഇല്ല. കേന്ദ്ര ഊർജ്ജ മന്ത്രാലയം, സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി തുടങ്ങിയവ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ആർക്കും ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കാവുന്നതാണ്. വാഹനങ്ങൾക്ക് എളുപ്പത്തിൽ വരാനും പോകാനുമുള്ള സൗകര്യം, ആവശ്യമായ സ്ഥലലഭ്യത, വൈദ്യുതി |

| | | | | |
|---|---|---|---|---|
| | | | | ലഭ്യമാക്കുവാനുള്ള സൗകര്യം എന്നിവയാണ് ചാർജിംഗ് സ്റ്റേഷനുള്ള സ്ഥലം നിർണ്ണയിക്കുവാനുള്ള പ്രാഥമിക വ്യവസ്ഥകൾ. 2019 ലെ ഗൈഡ്‌ലൈൻസ് അനുസരിച്ച് ചാർജ്ജിംഗ് സ്റ്റേഷനിൽ ഉപയോഗിക്കുന്ന ഇലക്ട്രിക് വെഹിക്കിൾ സപ്ലൈ എക്വിപ്മെന്റ് (EVSE) അഥവാ ചാർജ്ജർ NABL അക്രഡിറ്റഡ് ആയ ലാബിലോ ഏജൻസിയിലോ ടെസ്റ്റ് ചെയ്തിരിക്കേണ്ടതാണ്.വാഹനം ഓടിക്കുന്ന ആൾക്ക് അടുത്തുള്ള ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ലൊക്കേഷൻ, അവിടെ ലഭ്യമായ ചാർജറുകളുടെ കോൺഫിഗറേഷൻ, ലഭ്യത എന്നിവയെക്കുറിച്ച് അറിവ് ലഭിക്കുന്നതും സ്ലോട്ട് ബുക്ക് ചെയ്യുന്നതും ഒരു മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തിരമാണ്. ഇതിലേയ്ക്കായി ഉടമസ്ഥൻ ഒരു ഓൺലൈൻ നെറ്റ് വർക്ക് സർവ്വീസ് പ്രൊവൈഡർ (NSP) യുമായി ടൈ അപ്പ് ചെയ്യേണ്ടതുണ്ട്. സംസ്ഥാനത്ത് സ്ഥാപിക്കുന്ന ചാർജ്ജിംഗ് സ്റ്റേഷനുകൾക്ക് കെ.എസ്.ഇ.ആർ.സി.-യുടെ ചട്ടങ്ങൾക്ക് അനുസൃതമായി കണക്ഷൻ ലഭ്യമാക്കാൻ വിതരണ ലൈസൻസിയെ സമീപിക്കേണ്ടതാണ്. ദേശീയ പാത, സ്റ്റേറ്റ് ഹൈവേ എന്നീ പ്രധാന റോഡുകൾക്ക് സമീപം ഏകദേശം 50 കിലോമീറ്റർ ദൂര വ്യത്യാസത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്കായി ഓരോ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനാണ് **അനെർട്ട്** ലക്ഷ്യമിടുന്നത്. കുറഞ്ഞത് 1,500 ചതുരശ്ര അടി സ്ഥലം ലഭ്യമാക്കുന്ന സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കെ.റ്റി.ഡി.സി ഹോട്ടലുകൾ, ഡി.റ്റി.പി.സി സെന്ററുകൾ, ടേക്ക് എ ബ്രേക്ക് സെന്ററുകൾ എന്നിവിടങ്ങളിൽ ഇലക്ട്രിക് കാറുകൾ ചാർജ് ചെയ്യുന്നതിനുള്ള ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത്തിനാണ് അനെർട്ടിന് പദ്ധതിയുള്ളത്. സ്ഥലം ലഭ്യമാക്കുന്ന സ്ഥാപനങ്ങൾക്ക് ഒരു യൂണിറ്റ് വൈദ്യുതിക്ക് ഒരു രൂപ നിരക്കിൽ തറവാടക നൽകുന്നതാണ്. ഇതിനായി 10 വർഷത്തേയ്ക്ക് അനെർട്ടുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. ആദ്യ ഘട്ടത്തിൽ ദേശീയ പാത, സ്റ്റേറ്റ് ഹൈവേ എന്നീ പ്രധാന റോഡുകൾക്ക് സമീപം/റിഫ്രഷ്മെന്റ് ഫെസിലിറ്റി/ കഫെറ്റീരിയ, ശുചിമുറി എന്നീ സൗകര്യങ്ങൾ ഉള്ള സ്ഥലങ്ങൾക്കാണ് മുൻഗണന നൽകുന്നത്. |

സെക്ഷൻ ഓഫീസർ

**Fast Charging Stations in Idukki District**

| Sl No. | Location |
|---|---|
| 1 | Vydyuthi Bhavanam, Thodupuzha |
| 2 | Munnar |
| 3 | Moolamattom |

**List of pole mounted charging stations in Idukki District**

| Sl No | Location | Constituency |
|---|---|---|
| 1 | Near Adimali Gov.School | |
| 2 | Near Sengulam Agmentation Office | |
| 3 | Marayoor Bus Station | |
| 4 | Vilak | |
| 5 | Near Irumbupalam Aut Stand | |
| 6 | Mankulam- Anakulam Road | Devikulam |
| 7 | Near Kallar New Mini Vaidhyuthy Bhavan | |
| 8 | Vandenmedu Board Ganesha statue | |
| 9 | Rajakkadu Town | |
| 10 | Rajakumari Town | |
| 11 | Near Santhanpara Bus Stop | |
| 12 | Erattayar Market | |
| 13 | Near Thookupalam Electrical Secton | |
| 14 | Near Pampadumpara Panchayath Office | |
| 15 | Udumbanchola Town | |
| 16 | Senapathy Jn. | Udumbanchola |
| 17 | Karikunnam PHC TRF Station | |
| 18 | Vazhithala, Para TFR Station | |
| 19 | Near gate of110 KV Sub Station Muttam | |
| 20 | Near Transformer Station | |
| 21 | In Front of Thoppil Fuels Vannappuram | |
| 22 | Vengalloor | |
| 23 | Boys High School | |
| 24 | Block Jn | |
| 25 | Church Jn | Thodupuzha |
| 26 | Cheruthoni | |
| 27 | Kattapana | |
| 28 | Murikkassery | |
| 29 | Chelathur | |
| 30 | Moolamattam | |
| 31 | Kodayathuroor | |

| | | |
|---|---|---|
| 32 | Kanjar | Idukki |
| 33 | Kumali | |
| 34 | Vandiperiyar | |
| 35 | Kuttikkanam | |
| 36 | Vagamon | |
| 37 | Merikulam | Peerumade |